**8** വർഷംമുമ്പ് കനത്ത വെയിലിൽ ചുട്ടുപൊളിക്കിടന്ന ഒരു പാറക്കൂട്ടം, ഇന്ന് പച്ചപ്പിന്റെ തണുപ്പിൽ പുതഞ്ഞിരിക്കുകയാണ്. കരമനയാറിന്റെ തീരത്ത് വട്ടിയൂർക്കാവ് പുലിയറക്കോണം പറമ്പുക്ക് പള്ളിയുടെസമീപം സ്ഥിതി ചെയ്യുന്ന മിയാവാക്കി നേച്ചർ ലാബ് നമ്മളെ പ്രകൃതിയിലേക്ക് തിരിച്ചുവിളിക്കുന്നു.

ഇന്നിവിടെ 500 ഇനങ്ങളിൽപ്പെട്ട അയ്യായിരത്തോളം ചെടികളുണ്ട്. ആ പാറക്കെട്ടുകൾ മരങ്ങൾക്കിടയിൽ അലങ്കാരമാണ്. തിരുവനന്തപുരം സ്വദേശി എം ആർ ഹരിയാണ് മിയാവാക്കി മാതൃകാ പരിസ്ഥിതി പുനരുജ്ജീവനത്തിലൂടെ ഇവിടം സ്വർഗമാക്കിയത്. ജാപ്പനീസ് പ്രതീകമായ ടോറി ഗേറ്റ് കടന്നാൽ കാടിനുള്ളിലേക്ക് നീളുന്ന കല്ലിൽ തീർത്ത പടവുകൾ കാണാം. പാറക്കൂട്ടങ്ങൾ നിറഞ്ഞ കുത്തനെ ചരിഞ്ഞ തരിശുഭൂമിയായിരുന്നു ഇവിടം. മരങ്ങളും ചെടികളും കൂട്ടമായി വളർന്നപ്പോൾ ആയിരത്തിലധികം വ്യത്യസ്ത ഇനങ്ങളിലെ ജീവികളും ഒപ്പമുണ്ടായി. തൊട്ടടുത്ത ക്വാറിയുടെ ഒച്ചമൂലം അപ്രത്യക്ഷമായ പക്ഷികൾ വീണ്ടും പ്രത്യക്ഷപ്പെട്ടു. മഴവെള്ളം ഒഴുകിപ്പോകാതെ മണ്ണ് പിടിച്ചുനിർത്തിയതോടെ കിണറുകളിൽ വെള്ളം സുലഭം.

ഇൻവിസ് മൾട്ടിമീഡിയയുടെ എക്സിക്യൂട്ടിവ് ചെയർമാനാണ് എം ആർ ഹരി. മരങ്ങളെ സ്നേഹിച്ചിരുന്ന ഹരി വർഷങ്ങൾക്കുമുമ്പ് ഈ തരിശുഭൂമി വാങ്ങിയത് അന്യംനിന്നുപോകുന്ന മരങ്ങളെ പുനഃസൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ്. 10 വർഷത്തോളം അത്തരം ചെടികൾ കണ്ടെത്തി നട്ട് പരിചരിച്ചു. എന്നാൽ, ഉദ്ദേശിച്ച ഫലം ഉണ്ടായില്ല. പിന്നീടാണ് മിയാവാക്കി മാതൃകയെക്കുറിച്ച് അറിയുന്നത്. ആയിരം ചതുരശ്ര അടിയിൽ പുതിയ രീതി പരീക്ഷിച്ചു. വിജയം കണ്ട പരീക്ഷണത്തിനുശേഷം ജപ്പാനിലേക്ക് യാത്ര തിരിച്ചു. അകിര മിയാവാക്കിയെ നേരിട്ട് കണ്ട് സംശയനിവാരണം നടത്തി. കൂടാതെ ജപ്പാനിലെ രണ്ട് വിദഗ്ധരെ കേരളത്തിലേക്ക് കൊണ്ടുവന്നു. തുടർന്ന് കെ–ഡിസ്കുമായി ചേർന്ന് വിവിധ ജില്ലകളിൽ മിയാവാക്കി കാടുകൾ സൃഷ്ടിച്ചു. യുഎൻ അർബൻ ഫോറസ്റ്റ് കൗൺസിൽ അംഗം കൂടിയാണ് ഹരി.

ചെറുവനത്തിനുള്ള തനത് കേരള ശൈലിയിൽ ഒരു വീടുംനിർമിച്ചു. ഇഴജന്തുക്കൾ അകത്തുകയറാതെ തടയാൻ ചുറ്റും ജലം കെട്ടിനിർത്തിയിട്ടുണ്ട്. അക്വേഷ്യ തടിയാണ് നിർമാണത്തിന് ഉപയോഗിച്ചിട്ടുള്ളത്. മിയാവാക്കി മാതൃകയിൽ കൃഷി ചെയ്യുന്നതിന് വിശാലമായ പ്രദേശത്തിന്റെ ആവശ്യമില്ല. അത് വ്യക്തമാക്കി വീട്ടുമുറ്റത്ത് മിനി മിയാവാക്കി തോട്ടവും നിർമിച്ചിട്ടുണ്ട്. പത്രങ്ങൾ അച്ചടിക്കുന്ന മഷിയെത്തിക്കുന്ന ബക്കറ്റുകളിൽ കറിവേപ്പിലയും തുളസിയും പനിക്കൂർക്കയും അടക്കം ഇവിടെ നട്ടിട്ടുണ്ട്.

'ഈ കാലത്ത് കറിവേപ്പിലയും വിഷം തളിച്ചാണ് കിട്ടുന്നത്. വീട്ടിൽ തന്നെ അത് കൃഷി ചെയ്യാം. ചെടികൾ നടാൻ ഇവിടെ വരുന്നവർക്ക് പ്രചോദനം നൽകുന്നുണ്ട്' –ജീവനക്കാരനായ മധു പറയുന്നു. മിയാവാക്കി ഫോറസ്റ്റ് നിർമാതാക്കളിൽ ഒരാൾ കൂടിയാണ് മധു. 'പരുക്കൻ പാറകളിൽ കലാപരിപാടികൾ അവതരിപ്പിക്കാൻ മിനി പ്ലാറ്റ്ഫോമും ഒരുക്കിയിട്ടുണ്ട്. കുട്ടികൾക്ക് കാടിനോട് ഭയമാണ്. ആ പേടി മാറ്റി കാടിനെ പരിചിതമായ ഒരിടമാക്കുക എന്ന ലക്ഷ്യം കൂടി ഈ യത്നത്തിന് പിന്നിലുണ്ട്' ഹരി പറഞ്ഞു. സ്കൂൾ വിദ്യാർഥികളുടെ ഏകദിന ക്യാമ്പുകളും ഇവിടെ നടക്കാറുണ്ട്. പാറകളധികവും പൊട്ടിക്കാതെ ഇടയിലുള്ള വിടവിലാണ് കൃഷി ചെയ്തിരിക്കുന്നത്. രാസവളങ്ങൾ ഉപയോഗിച്ചിട്ടില്ല. പശു, ആട്, കോഴി, താറാവ് എന്നിങ്ങനെ വളർത്തുമൃഗങ്ങൾ അനേകം

**എന്താണ് മിയാവാക്കി മാതൃക**



ഹരിയും അകിര മിയാവാക്കിയും

ജാപ്പനീസ് സസ്യ ശാസ്ത്രജ്ഞനായ പ്രൊഫ. അകിര മിയാവാക്കി വികസിപ്പിച്ച വനവൽക്കരണ മാതൃകയാണ് മിയാവാക്കി. മേൽമണ്ണ് ഒരു മീറ്റർ താഴെവരെ നന്നായി ഇളക്കി നടീൽ മിശ്രിതം മണ്ണിൽ ചേർക്കുക. ഓരോ ചതുരശ്ര മീറ്ററിലും 34 തൈകൾ വീതം വയ്ക്കുക. മരം, ചെറുമരം, കുറ്റിച്ചെടി ഇവ ഇടകലർത്തിയാവണം നടേണ്ടത്. നട്ടശേഷം മേൽമണ്ണിന് മുകളിൽ പുത ഇടുക. വർധിച്ച ചെലവാണെങ്കിലും ചെറിയ കാലം കൊണ്ട് വലിയ മാറ്റമുണ്ടാക്കാൻ ഈ മാതൃകയ്ക്ക് സാധിക്കും. 17 രാജ്യങ്ങളിലായി 4000 വനങ്ങൾ ഇത്തരത്തിൽ നട്ടുവളർത്തിയിട്ടുണ്ട്. 50 വർഷത്തിനിടയിൽ 4 കോടി ചെടികളാണ് നട്ടത്.

**(തയ്യാറാക്കിയത്: മിസിരിയ നൗഷാദ്)**